milma

**കേരളകോ – ഓപ്പറേറ്റീവ്മിൽക്ക്മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്**
**സെൻട്രൽ പ്രോഡക്ട്സ്ഡയറി, പുന്നപ്ര, ആലപ്പുഴ**
Phone No: 04772255906, 2255908

CPD/P&A/221/2024 20.06.2024

# ക്വട്ടേഷൻ നോട്ടീസ്

ഏകദേശം 150 ഓളം ജീവനക്കാർ ജോലി ചെയ്യുന്ന മിൽമയുടെ സെൻട്രൽ പ്രോഡക്ട്സ് ഡയറിയിലെ ക്യാന്റീൻ ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ നടത്തുന്നതിന് വ്യവസായ സ്ഥാപനങ്ങളിൽ ക്യാന്റീൻ നടത്തി പരിചയമുള്ളവരിൽ നിന്നോ, ഈ മേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന കുടുംബശ്രീ യൂണിറ്റുകൾ, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, കാറ്ററിംഗ് സർവ്വീസ് മുതലായവ നടത്തി പരിചയമുള്ള കരാറുകാരിൽ നിന്നോ ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു.

- അപേക്ഷ ഫോം 21.06.2024 മുതൽ ആയതിന്റെ വിലയായ Rs.100/ (നൂറ് രൂപാ മാത്രം) ജി.എസ്സ്.റ്റി. കൂടെ ചേർത്ത് കമ്പനി ക്യാഷ് കൗണ്ടറിൽ അടച്ചു പഴ്സണൽ സെക്ഷനിൽ നിന്നും കൈപ്പറ്റാവുന്നതാണ്.

- പൂരിപ്പിച്ച അപേക്ഷകൾ 01.07.2024 ഉച്ചയ്ക്ക് 2 മണിക്ക് മുൻപായി മാനേജർ, സെൻട്രൽ പ്രൊഡക്ട്സ് ഡയറി മുൻപാകെ സമർപ്പിക്കേണ്ടതാണ്. പൂരിപ്പിച്ച അപേക്ഷയോടൊപ്പം നിരതദ്രവ്യം അടച്ച രസീതും യോഗ്യത പരിചയം തെളിയിക്കുന്ന രേഖകളുടെ പകർപ്പും ഹാജരാക്കേണ്ടതാണ്. ക്വട്ടേഷനുകൾ 01.07.2024 ഉച്ചയ്ക്ക് 2.30 ന് ഹാജരായ പാർട്ടികളുടെ മുൻപാകെ തുറക്കുന്നതാണ്.

- ക്വട്ടേഷൻ സമർപ്പിക്കുന്നതിനോടൊപ്പം Rs.2,500/ (രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) നിരതദ്രവ്യമായി അടയ്ക്കേണ്ടതാണ്. നിരതദ്രവ്യം കമ്പനിയുടെ ബാങ്ക് അക്കൗണ്ട് വഴിയോ (A/C. Name : KCMMF LTD, A/C No. 67192090757, IFSC : SBIN0070215, State Bank of India, Punnapra, Alappuzha – 4) / ക്യാഷ് കൗണ്ടർ മുഖേനയോ

അടയ്ക്കേണ്ടതാണ്. ക്വട്ടേഷൻ ലഭിക്കാത്ത പാർട്ടികളുടെ നിരതദ്രവ്യം ക്വട്ടേഷൻ ഉറപ്പിച്ച ശേഷം തിരികെ നൽകുന്നതാണ്.

- കരാർ ഏൽക്കുന്നയാൾ Rs. 30,000/ രൂപ (മുപ്പതിനായിരം രൂപ മാത്രം) സെക്യൂരിറ്റി നിക്ഷേപമായി നൽകേണ്ടതാണ്.

- നിശ്ചിത സമയം കഴിഞ്ഞും നിരതദ്രവ്യം അടയ്ക്കാതെയും നിർദ്ദിഷ്ട ഫോറത്തിൽ അല്ലാതെയും സമർപ്പിക്കുന്ന ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല.

- കരാർ ഉറപ്പിക്കുന്നത് സംബന്ധിച്ചുള്ള അന്തിമ തീരുമാനം മാനേജരിൽ നിക്ഷിപ്തമാണ്. ക്വട്ടേഷൻ മാറ്റി വയ്ക്കുന്നതിനും, കാരണം കാണിക്കാതെ റദ്ദ് ചെയ്യുന്നതിനുമുള്ള അധികാരം ഡെയറി മാനേജരിൽ നിക്ഷിപ്തമാണ്.

CENTRAL PRODUCTS DAIRY
PUNNAPRA,
ALLEPPEY-688 004.
K. C. M. M. F. LTD.

**മാനേജർ**